# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 945 — 08/01/2014-ൽ മറുപടിയ്ക്ക്

### കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

**ചോദ്യം**

ശ്രീ. കെ. ദാസൻ

**മറുപടി**

ശ്രീ.പി .ജെ.ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

(എ) മുൻ സർക്കാരിന്റെ കാലയളവിൽ ജലവിഭവ വകുപ്പ് മുഖേന കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാം എന്ന് വിശദമാക്കാമോ;

(എ) മുൻ സർക്കാരിന്റെ കാലത്ത് കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ ചേമൻച്ചേരി, ചെങ്ങോട്ടുകാവ് എന്നീ പഞ്ചായത്തുകളിൽ ജലനിധി പദ്ധതി നടപ്പിലാക്കുകയുണ്ടായി. ആയതിൽ ചേമൻച്ചേരി പഞ്ചായത്തിൽ 1147 ഗുണഭോക്തൃ കുടുംബങ്ങൾക്ക് കുടി വെള്ളം ലഭ്യമാക്കുന്ന 28 ജലവിതരണ പദ്ധതികളും ചെങ്ങോട്ടുകാവ് പഞ്ചായത്തിൽ 1150 കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുന്ന 29 ജലവിതരണ പദ്ധതികളും ജലനിധി പദ്ധതി വഴി പൂർത്തിയാക്കി ഗുണഭോക്തൃ സംഘങ്ങളെ ഏൽപ്പിച്ചിട്ടുണ്ട്. കൂടാതെ ജലനിധി പദ്ധതിയുടെ മറ്റ് ഘടകങ്ങളായ പുതിയ കക്കൂസിന്റെ നിർമ്മാണം, മെഴുക്ക്, ഡ്രാഫ്റ്റ്, മാലിന്യനിർമ്മാർജ്ജന യൂണിറ്റുകൾ, ഭൂജല സംവർദ്ധന പ്രവർത്തനങ്ങൾ തുടങ്ങിയവയും ഈ പഞ്ചായത്തുകളിൽ നടപ്പിലാക്കുകയുണ്ടായി. കൂടാതെ മുൻ സർക്കാരിന്റെ കാലയളവിൽ കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ കടലാക്രമണ പ്രതിരോധപദ്ധതി പുഴതീര സംരക്ഷണ പദ്ധതി, ടൂറിസം പദ്ധതികൾ എന്നിവ നടപ്പിലാക്കിയിട്ടുണ്ട്.

മുൻ സർക്കാർ നടപ്പിലാക്കിയ ചെറുകിട ജലസേചന പ്രവൃത്തികൾ

1. മിർപ്പയിൽപ്പെടുത്തി-അയണിക്കാട് ഡാമിന്റെയും., പീറ്റകണ്ടി വി.സി.ബി. ന്റെയും പുനരുദ്ധാരണ പ്രവൃത്തികൾ.
2. മിർപ്പ-ചെങ്ങോട്ടുകോവ് പഞ്ചായത്ത് ഉമ്മൻചേരിതാഴെ-കുറ്റിയിൽ താഴെ അരിയാണി തുരുത്തിൽ ബണ്ടിന്റെയും വി.സി.ബി.യുടെയും നിർമ്മാണം.
3. കാലവർഷക്കെടുതി- പയ്യോളി പഞ്ചായത്ത്- കട്ടേരിക്കൽ തോടിന്റെ പുനരുദ്ധാരണം.
4. നബാർഡ്-പയ്യോളി പഞ്ചായത്ത് അരുവയൽ കൊക്കർണി തോടിന്റെ വി.സി.ബി. നിർമ്മാണവും, പാർശ്വഭിത്തി സംരക്ഷണവും.
5. കാലവർഷക്കെടുതി-കൊയിലാണ്ടി മുനിസിപ്പാലിറ്റി-കോട്ടനാരി തോടിന്റെ പാർശ്വഭിത്തി സംരക്ഷണം
6. പദ്ധതി പുനരുദ്ധാരണം-കൊയിലാണ്ടി മുനിസിപ്പാലിറ്റി- കുതിരക്കട വി.സി.ബി. യുടെയും നിർമ്മാണം.
7. മിർപ്പ-കൊയിലാണ്ടി മുനിസിപ്പാലിറ്റി- കക്കുളം തോട്ടിൽ വിയറിന്റെയും, വി.സി.ബി.യുടെയും നിർമ്മാണം.

മുൻ സർക്കാരിന്റെ കാലത്ത് കേരള വാട്ടർ അതോറിറ്റി താഴെ പറയുന്ന 9 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

1. എ.ആർ.പി/എൻ,സി.പി.സി വാർഡ് മൂടാടി പഞ്ചായത്ത്
2. എ.ആർ.ഡബ്ളിയു. എസ്.എസ്. എസ്.സി. / എസ്.ടി പയ്യോളി പഞ്ചായത്തിലെ അട്ടക്കുണ്ട് ഹരിജൻ കോളനി കുടിവെള്ള പദ്ധതി
3. എം.പി.എൽ.എ.ഡി. പയ്യോളി പഞ്ചായത്തിലെ ഇരിങ്ങൽ പടിഞ്ഞാറെ ഇരുത്തി കുടിവെള്ള പദ്ധതി

4. എം.എൽ.എ.എസ്.ഡി.എഫ്. പയ്യോളി പഞ്ചായത്തിലെ ഇരിങ്ങൽ കിഴക്കയിൽ കോളനി കുടിവെള്ള പദ്ധതി
5. എ.ആർ.ഡബ്ളിയു. എസ്.എസ്. എസ്.സി./എസ്.ടി പയ്യോളി പഞ്ചായത്തിലെ തച്ചക്കുന്ന് ഹരിജൻ കോളനി കുടിവെള്ള പദ്ധതി
6. എം.പി.എൽ.എ.ഡി. പയ്യോളി പഞ്ചായത്തിലെ ഇരിങ്ങൽ പടിഞ്ഞാറെ കീഴൂർ തെരു കുടിവെള്ള പദ്ധതി
7. റ്റി.ആർപി. കൊയിലാണ്ടി ടൗൺ ആന്റ് ബീച്ച് ഏരിയ കുടിവെള്ളപദ്ധതി കൊയിലാണ്ടി മുനിസിപ്പാലിറ്റി.
8. റ്റി.ആർപി. ചേമഞ്ചേരി പഞ്ചായത്തിലെ കണ്ണുക്കടവ് കുടിവെള്ളപദ്ധതി-
9. റ്റി.ആർപി. പയ്യോളി പഞ്ചായത്തിലെ കോട്ടക്കൽ കോസ്റ്റൽ ഏരിയ കുടിവെള്ളപദ്ധതി-

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ജലവിഭവ വകുപ്പ് മുഖേന പുതുതായി ആവിഷ്ക്കരിച്ച് കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാം; വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ താഴെ പറയുന്ന പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു.

1. കൊയിലാണ്ടി മുനിസിപ്പാലിറ്റിയിൽ അരയപ്പൻ കടപ്പുറത്ത് സി.പി. 1945-ന് 35 മീറ്റർ വടക്ക് നിന്ന് തുടങ്ങി തെക്കോട്ട് 80 മീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മാണം-30.50 ലക്ഷം രൂപ. (പ്രവർത്തി പൂർത്തീകരിച്ചു)
2. ചെറിയ മങ്ങാട് 250 മീറ്റർ കടൽഭിത്തി നിർമ്മാണം-റീച്ച് 1-സി.പി.1931-ന് 55 മീറ്റർ തെക്ക് നിന്ന് തുടങ്ങി തെക്കോട്ട് 140 മീറ്റർ നീളം, റീച്ച് 2 സി.പി.1931-ന് 70 മീറ്റർ വടക്ക് നിന്ന് തുടങ്ങി വടക്കോട്ട് 110 മീറ്റർ നീളം.-65 ലക്ഷം രൂപ (പ്രവൃത്തി പൂർത്തീകരിച്ചു.)
3. സി.പി.1945-ന് 46 മീറ്റർ വടക്ക് നിന്ന് തുടങ്ങി വടക്കോട്ട് 43 മീറ്റർ നീളത്തിൽ കൊല്ലം കടൽഭിത്തിയുടെ പുനരുദ്ധാരണം -13.10 ലക്ഷം രൂപ. (പ്രവൃത്തി പൂർത്തീകരിച്ചു)

4. സി.പി.1946-ന് 45 മീറ്റർ തെക്ക് നിന്ന് തുടങ്ങി തെക്കോട്ട് 50 മീറ്റർ നീളത്തിൽ കൊല്ലം കടൽഭിത്തിയുടെ പുനരുദ്ധാരണം-15 ലക്ഷം രൂപ (പ്രവൃത്തി പൂർത്തീകരിച്ചു)
5. പയ്യോളി പഞ്ചായത്തിൽ സി.ഇ.എസ്. 2032-ന് 13 മീറ്റർ വടക്ക് നിന്ന് തുടങ്ങി വടക്കോട്ട് 45 മീറ്റർ നീളത്തിൽ ഇരിങ്ങൽ കടൽഭിത്തിയുടെ പുനരുദ്ധാരണം.-13.10 ലക്ഷം രൂപ (പ്രവൃത്തി പൂർത്തീകരിച്ചു.)
6. സി.ഇ.എസ് 2032-ന് 13 മീറ്റർ വടക്ക് നിന്ന് തുടങ്ങി തെക്കോട്ട് 34 മീറ്റർ നീളത്തിൽ ഇരിങ്ങൽ കടൽഭിത്തിയുടെ പുനരുദ്ധാരണം.-8 ലക്ഷം രൂപ (പ്രവൃത്തി പൂർത്തീകരിച്ചു)
7. സി.പി.2033-ന് 22 മീ. തെക്ക് നിന്ന് തുടങ്ങി തെക്കോട്ട് 53 മീറ്റർ നീളത്തിൽ ഇരിങ്ങൽ കടൽഭിത്തിയുടെ പുനരുദ്ധാരണം-15 ലക്ഷം രൂപ (ടെണ്ടർ ക്ഷണിച്ചു)
8. സി.പി.2032-ന് 58 മീ. വടക്ക് നിന്ന് തുടങ്ങി വടക്കോട്ട് 87 മി. നീളത്തിൽ ഇരിങ്ങൽ കടൽഭിത്തിയുടെ പുനരുദ്ധാരണം-20 ലക്ഷം രൂപ (ടെണ്ടർ നടപടി ആകുന്നു)
9. ചേമഞ്ചേരി പഞ്ചായത്തിൽ സി.പി. 1897 മുതൽ വടക്കോട്ട് 400 മീറ്റർ നീളത്തിൽ കാപ്പാട് കടൽഭിത്തിയുടെ പുനരുദ്ധാരണം -74 ലക്ഷം രൂപ (പ്രവൃത്തി പൂർത്തീകരിച്ചു.)
10. സി.പി. 1902ന് 40 മീ. തെക്ക് നിന്ന് തുടങ്ങി തെക്കോട് 42 മീറ്റർ നീളത്തിൽ കാപ്പാട് കടൽഭിത്തിയുടെ പുനരുദ്ധാരണം 15 ലക്ഷം രൂപ (ടെണ്ടർ ക്ഷണിച്ചു)
11. നോരയോഖി താഴത്ത് കോരപ്പുഴയുടെ വലതുകര സംരക്ഷണം.-13 ലക്ഷം രൂപ (ടെണ്ടർ നടപടി ആകുന്നു.)

12. 13-ാം ധനകാര്യ കമ്മീഷൻ
അവാർഡ്-കൊയിലാണ്ടി
മുനിസിപ്പാലിറ്റി - വാർഡ്- 18
തേനച്ചേരി കുളത്തിന്റെ
പുനരുദ്ധാരണം.

13. 13-ാം ധനകാര്യ കമ്മീഷൻ
അവാർഡ്- കൊയിലാണ്ടി
മുനിസിപ്പാലിറ്റി വാർഡ് 38-നാണം
ചിറ കുളത്തിന്റെ പുനരുദ്ധാരണം.

14. പദ്ധതി പുനരുദ്ധാരണം-
കൊയിലാണ്ടി മുനിസിപ്പാലിറ്റി
വാർഡ് 8- കക്കുളം തോടിന്റെ
പുനരുദ്ധാരണം

15. ആർ.ആർ. പദ്ധതി- കൊയിലാണ്ടി
മുനിസിപ്പാലിറ്റി 14-ാം വാർഡ്-
ഇളയിടത്തു കുളത്തിന്റെ
പുനരുദ്ധാരണം.

16. ആർ.ആർ. പദ്ധതി- ചേങ്ങോട്ടുകാവ്
പഞ്ചായത്ത് വാർഡ് -9-
കാഞ്ഞിലാരി കുളം -പുനരുദ്ധാരണം

17. പദ്ധതി പുനരുദ്ധാരണം-
കൊയിലാണ്ടി മുനിസിപ്പാലിറ്റി-
കക്കുളം വിയറിന്റെ മേൽഭാഗത്ത്
കക്കുളം തോടിന്റെ
പുനരുദ്ധാരണവും, ഫീൽഡ്
ചാനലിന്റെ നിർമ്മാണവും.

18. ഒരു പഞ്ചായത്തിൽ ഒരു കുളം
പദ്ധതിയിൽ ഉൾപ്പെടുത്തി
കൊയിലാണ്ടി മുനിസിപ്പാലിറ്റി
വാർഡ് -27 കുപ്പാപുറം കുളത്തിന്റെ
പുനരുദ്ധാരണം

19. കൊയിലാണ്ടി മുനിസിപ്പാലിറ്റിയിലെ
കണിയാക്കുന്ന് കുടിവെള്ളപദ്ധതി.
(എം.എൽഎസ്.ഡി.എഫ്)

20. എം.എൽഎസ്.ഡി.എഫ് മൂട്ടാടി
പഞ്ചായത്തിലെ വലിയമല
കുടിവെള്ള പദ്ധതി

| | |
|---|---|
| (സി) പ്രസ്തുത പദ്ധതികൾ ഓരോന്നിന്റെയും പുരോഗതി / സ്ഥിതി വ്യക്തമാക്കാമോ? | (സി) മുകളിൽ 'ബി' യിൽ പരാമർശിക്കുന്ന പ്രവൃത്തികളിൽ 7, 8,10, 11 എന്നിവ ഒഴികെ ബാക്കിയെല്ലാം പൂർത്തീകരിച്ചു.<br>1. 13-ാം ധനകാര്യ കമ്മീഷൻ-തേനച്ചേരി കുളത്തിന്റെയും നാണഞ്ചിറ കുളത്തിന്റെയും പ്രവൃത്തി പൂർത്തീകരിച്ചു.<br>2. കക്കുളം തോടിന്റെ പ്രവൃത്തി പൂർത്തീകരിച്ചു.<br>3. ആർ.ആർ.ആർ.-ഇളയിടത്തു കുളത്തിന്റെയും, കാണിലാരി കുളത്തിന്റെയും പ്രവൃത്തി ഉടൻ തുടങ്ങുന്നതാണ്.<br>4. പദ്ധതി പുനരുദ്ധാരണം- കക്കുളം വിയറിന്റെ മേൽഭാഗത്തുള്ള പാർശ്വഭിത്തി സംരക്ഷണവും ഫീൽഡ് ചാനലിന്റെ നിർമ്മാണവും -പ്രവൃത്തി ആരംഭിച്ചു.<br>5. ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ ഉൾപ്പെടുത്തി കുപ്പാപ്പുറം കുളത്തിന്റെ പ്രവൃത്തി ആരംഭിച്ചു.<br><br>കേരള ജല അതോറിറ്റിയുടെ എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ